# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| ജൂലൈ 10<br>JULY 10 | 2018 |
| --- | --- |

*1193 മിഥുനം 26 ചൊവ്വ*

## പത്രക്കുറിപ്പ്

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657


**കെ–ടെറ്റ് സർട്ടിഫിക്കറ്റ് വിതരണം**

കഴിഞ്ഞ ഡിസംബർ മാസത്തിൽ കെ-ടെറ്റ് പരീക്ഷ എഴുതിയ കാറ്റഗറി ഒന്ന്, രണ്ട്, മൂന്ന്, നാല് വിഭാഗങ്ങളിൽ സർട്ടഫിക്കറ്റ് വേരിഫിക്കേഷൻ കഴിഞ്ഞവരുടെ കെ-ടെറ്റ് സർട്ടിഫിക്കറ്റ് ഈ മാസം 11,12,13 തീയതികളിൽ തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ വിതരണം ചെയ്യും. ബന്ധപ്പെട്ടവർ ഹാൾടിക്കറ്റ് ഹാജരാക്കി സർട്ടിഫിക്കറ്റ് കൈപ്പറ്റണം. ഫോൺ: 0469 2601349. (പിഎൻപി 1853/18)

**വസ്തു ലേലം**

കോഴഞ്ചേരി താലൂക്കിൽ മെഴുവേലി വില്ലേജിൽ ബ്ലോക്ക് അഞ്ചിൽ റീസർവെ നമ്പർ 325/18ൽപ്പെട്ട 2.80 ആർ പുരയിടവും 325/24ൽപ്പെട്ട 15.75 ആർ പുരയിടവും 326/9ൽപ്പെട്ട 04.10 ആർ നിലവും അതിലുള്ള ചമയങ്ങളും സെപ്തംബർ ഏഴിന് പകൽ 11.30ന് മെഴുവേലി വില്ലേജ് ഓഫീസിൽ ലേലം ചെയ്യും. ഫോൺ: 0468 2323633.
(പിഎൻപി 1854/18)

**നിയമസഭാ സമിതിയുടെ ഇന്നത്തെ (ജൂലൈ 11) യോഗം മാറ്റി**

നിയമസഭയുടെ യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി ഇന്ന് (ജൂലൈ 11) രാവിലെ 10.30ന് പത്തനംതിട്ട ജില്ലാ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്താനിരുന്ന യോഗം മാറ്റി. (പിഎൻപി 1855/18)

## കൗൺസിലിംഗ് നാളെ (12)

മെഴുവേലി വനിതാ ഗവൺമെന്റ് ഐടിഐയിൽ അപേക്ഷിച്ചിട്ടുള്ള ട്രെയിനികൾ നാളെ (12) രാവിലെ 10ന് അസൽ സർട്ടിഫിക്കറ്റുകൾ സഹിതം രക്ഷകർത്താക്കളോടൊപ്പം ഹാജരാകണം. ഫോൺ: 0468 2259952.

(പിഎൻപി 1856/18)

## തൊഴിൽരഹിത വേതനം

2017 ആഗസ്റ്റ് മുതൽ 2018 മാർച്ച് വരെയുള്ള തൊഴിൽരഹിത വേതന വിതരണത്തിനുള്ള അലോട്ട്മെന്റ് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. നിശ്ചിത തീയതിക്കകം വേതന വിതരണം പൂർത്തിയാക്കി ഈ മാസം 31നകം വിനിയോഗ സർട്ടിഫിക്കറ്റ് നൽകണമെന്ന് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ അറിയിച്ചു. (പിഎൻപി 1857/18)

## പെരുന്തേനരുവി 33 കെ.വി സബ്സ്റ്റേഷൻ ഉദ്ഘാടനം നാളെ (12)

പെരുന്തേനരുവി ജലവൈദ്യുതി പദ്ധതിയോടനുബന്ധിച്ച് നിർമാണം പൂർത്തിയാക്കിയ 33 കെ.വി സബ്സ്റ്റേഷന്റെ ഉദ്ഘാടനം നാളെ (12) ഉച്ചയ്ക്ക് ശേഷം മൂന്നിന് പെരുന്തേനരുവി പവർഹൗസ് അങ്കണത്തിൽ വൈദ്യുതിമന്ത്രി എം.എം.മണി നിർവഹിക്കും. രാജുഎബ്രഹാം എംഎൽഎ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ആന്റോ ആന്റണി എംപി മുഖ്യാതിഥിയാകും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, ജില്ലാ കളക്ടർ പി.ബി.നൂഹ്, കെഎസ്ഇബി ഡയറക്ടർമാരായ പി.വിജയകുമാരി, ഡോ.വി.ശിവദാസൻ, റാന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഗിരിജ മധു, നാറാണംമൂഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മോഹൻരാജ് ജേക്കബ്, ജില്ലാ പഞ്ചായത്തംഗം പി.വി.വർഗീസ്, ബ്ലോക്ക് പഞ്ചായത്തംഗം മിനു എബ്രഹാം, കെഎസ്ഇബി എക്സിക്യൂട്ടീവ് എൻജിനീയർ കെ.സുരേഷ് തുടങ്ങിയവർ പങ്കെടുക്കും.

വൈദ്യുതി വിതരണ രംഗം കാര്യക്ഷമമാക്കുന്നതിന് കൂടുതൽ സബ് സ്റ്റേഷനുകളും ലൈനുകളും സ്ഥാപിച്ച് വൈദ്യുതി പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണ് വൈദ്യുതി ബോർഡ് ആറ് മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള പെരുന്തേനരുവി ജലവൈദ്യുതി പദ്ധതി സ്ഥാപിച്ചത്. ഈ പദ്ധതിയോടനുബന്ധിച്ചാണ് പുതിയ 33 കെ.വി. സബ് സ്റ്റേഷൻ നിർമിച്ചിട്ടുള്ളത്. പെരുന്തേനരുവിയിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതി സമീപ പ്രദേശങ്ങളിൽതന്നെ വിതരണം നടത്തിയാൽ ഈ പ്രദേശങ്ങളിൽ തടസരഹിതമായി വൈദ്യുതി വിതരണം നടത്താമെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണ് 33 കെ.വി. സബ്സ്റ്റേഷൻ നിർമിച്ചിട്ടുള്ളത്. ഒരു കോടി 60 ലക്ഷം രൂപ അടങ്കൽ തുകയുള്ള ഈ സബ്സ്റ്റേഷൻ കേന്ദ്രാവിഷ്കൃത പദ്ധതിയായ ഡിഡിയുജിജെവൈ പദ്ധതിയിൽപ്പെടുത്തിയാണ് നിർമിച്ചിട്ടുള്ളത്. പെരുന്തേനരുവി ജലവൈദ്യുതി പദ്ധതിയോട് ചേർന്ന് സ്ഥാപിച്ചിട്ടുള്ളതിനാൽ പുതിയ ജീവനക്കാരോ തസ്തികകളോ ഈ സബ് സ്റ്റേഷന് ആവശ്യമില്ല.

പദ്ധതിയുടെ സമീപപ്രദേശങ്ങളായ നാറാണംമൂഴി, വെച്ചൂച്ചിറ, റാന്നി-പെരുനാട് പഞ്ചായത്തുകളിൽ നിലവിൽ വൈദ്യുതി ലഭിക്കുന്നത് റാന്നി, റാന്നി-പെരുനാട് സബ് സ്റ്റേഷനുകളിൽ നിന്നുള്ള ദൈർഘ്യമേറിയ 11 കെ.വി ഫീഡറുകളിലൂടെയാണ്. വന ഭൂമിയിലൂടെയും തോട്ടങ്ങളിലൂടെയും കടന്നുവരുന്ന ഈ ഫീഡറുകളിൽ വൈദ്യുതി തടസവും വോൾട്ടേജ് ക്ഷാമവും പതിവാണ്. പെരുന്തേരുവിയിലെ പുതിയ 33 കെ.വി സബ് സ്റ്റേഷൻ പ്രവത്തനം തുടങ്ങുന്നതോടെ ഈ പ്രശ്നങ്ങൾക്ക് പരിഹാരമാകും. പെരുന്തേനുവി ജലവൈദ്യുതി പദ്ധതിയിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതി 33 കെ.വി നിലവാരത്തിലേക്ക് ഉയർത്തിയ ശേഷം റാന്നി 110 കെ.വി സബ്സ്റ്റേഷനിലേക്കും റാന്നി-പെരുനാട് 33 കെ.വി സബ് സ്റ്റേഷനിലേക്കും പ്രസരണം നടത്തും. പുതിയ സബ്സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതോടെ ഇവിടെ

സ്ഥാപിച്ചിട്ടുള്ള അഞ്ച് എംവിഎ ശേഷിയുള്ള ട്രാൻസ്ഫോർമറിൽ നിന്നും മൂന്ന് 11 കെ.വി ഫീഡറുകളിലൂടെ സമീപ പ്രദേശങ്ങളിൽ വൈദ്യുതി വിതരണം നടത്താൻ കഴിയും.

(പിഎൻപി 1858/18)

## കുമ്പനാട് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് മന്ദിരം ഉദ്ഘാടനം നാളെ (12)

കുമ്പനാട് ഇലക്ട്രിക്കൽ സെക്ഷന്റെ പുതിയ ഓഫീസ് മന്ദിരം നാളെ (12) വൈകിട്ട് അഞ്ചിന് വൈദ്യുതി മന്ത്രി എം.എം.മണി ഉദ്ഘാടനം ചെയ്യും. വീണാജോർജ് എംഎൽഎ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ആന്റോ ആന്റണി എംപി മുഖ്യപ്രഭാഷണം നടത്തും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, കെഎസ്ഇബി ഡയറക്ടർമാരായ ടി.കുമാരൻ, ഡോ.വി.ശിവദാസൻ, കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നിർമലാ മാത്യൂസ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ മോൻസി കിഴക്കേടത്ത്, ഗീത അനിൽകുമാർ, എൽസി ക്രിസ്റ്റഫർ, റെനി സനൽ, ജയൻ പുളിക്കൽ, സണ്ണി ചെള്ളേത്ത്, കെഎസ്എഫ്ഇ ചെയർമാൻ ഫിലിപ്പോസ് തോമസ്, കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് ചെയർമാൻ കെ.അനന്തഗോപൻ, ഡെപ്യൂട്ടി ചീഫ് എൻജിനീയർ ശോശാമ്മ കുരുവിള തുടങ്ങിയവർ പങ്കെടുക്കും.

തിരുവല്ല ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ വരുന്ന കോയിപ്രം പഞ്ചായത്തിലെ പ്രദേശങ്ങളും ഇരവിപേരൂർ, തോട്ടപ്പുഴശേരി, പുറമറ്റം പഞ്ചായത്തുകളിലെ ചില പ്രദേശങ്ങളും ഉൾപ്പെട്ടതാണ് കുമ്പനാട് സെക്ഷൻ. 12000ൽ അധികം ഉപഭോക്താക്കളാണ് സെക്ഷന്റെ കീഴിലുള്ളത്. നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന കുമ്പനാട് സെക്ഷനു വേണ്ടിയുള്ള പുതിയ ഓഫീസ് കുമ്പനാട് സബ് സ്റ്റേഷന്റെ സ്ഥലത്താണ് നിർമിച്ചിട്ടു ള്ളത്.

(പിഎൻപി 1859/18)

## വിദ്യാർഥികൾക്ക് പ്രഭാതഭക്ഷണമൊരുക്കി നാറാണംമൂഴി ഗ്രാമപഞ്ചായത്ത്

വിദ്യാർഥികൾക്ക് പ്രഭാതഭക്ഷണം ഒരുക്കി നാറാണംമൂഴി ഗ്രാമപഞ്ചായത്ത്. പഞ്ചായ ത്തിലെ മൂന്ന് സർക്കാർ സ്കൂളിലെ കുട്ടികൾക്കാണ് സർക്കാർ നൽകുന്ന ഉച്ചഭക്ഷണത്തിന് പുറമേ പ്രഭാതഭക്ഷണവും വിളമ്പുന്നത്. എൽ.പി, യു.പി വിഭാഗങ്ങളിലായി 120 ഓളം കുട്ടി കൾക്കാണ് ഭക്ഷണം നൽകുന്നത്. പഞ്ചായത്തിന്റെ 2018-2019 വാർഷിക പദ്ധതിയിൽ പ്പെടുത്തിയാണ് പ്രഭാതഭക്ഷണം നൽകുന്നത്. ഉച്ചഭക്ഷണ പദ്ധതിയ്ക്കൊപ്പം വിദ്യാർത്ഥിക ളുടെ പ്രാദേശിക സാഹചര്യങ്ങൾകൂടി കണക്കിലെടുത്ത് ഒരു അദ്ധ്യയന വർഷം മുഴുവൻ പോഷക സമൃദ്ധവും ഗുണമേന്മയുള്ളതുമായ പ്രഭാത ഭക്ഷണം നൽകും. കുടുംബശ്രീ യൂ ണിറ്റാണ് കുട്ടികൾക്കായി പ്രഭാത ഭക്ഷണമൊരുക്കുന്നത്. ചായ, ഇഡലി- സാമ്പാർ, ഇലയട, ഉപ്പുമാവ്- പഴം, ദോശ- ചമ്മന്തി ഇവയൊക്കെയാണ് വിഭവങ്ങൾ. സ്കൂളുകളുടെയും രക്ഷ കർതൃസംഘടനയുടേയും പൂർണ സഹകരണത്തോടെയാണ് പഞ്ചായത്ത് പദ്ധതി നടപ്പിലാ ക്കിയിരിക്കുന്നത്. പ്രഭാതഭക്ഷണ പദ്ധതിയുടെ ഉദ്ഘാടനം നാറാണംമൂഴി ജി.എൽ.പി.എ സിൽ നാറാണംമൂഴി പഞ്ചായത്ത് പ്രസിഡന്റ് മോഹൻരാജ് ജേക്കബ് നിർവഹിച്ചു. വൈസ്പ്ര സിഡന്റ് വത്സമ്മ പുരുഷോത്തമൻ, ഹെഡ്മാസ്ററർ ബിജു മോൻ, പി.ടി.എ പ്രസിഡന്റ് രഞ്ജി ത്ത് രാജൻ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 1860/18)

## ഗസ്റ്റ് ലക്ചറർ ഒഴിവ്

വെണ്ണിക്കുളം സർക്കാർ പോളിടെക്നിക്കിൽ ഇലക്ട്രോണിക്സ് എൻജിനിയറിംഗി ൽ ഗസ്റ്റ് ലക്ചറർ ഒഴിവിലേക്കും ഓട്ടോമൊബൈൽ, സിവിൽ, ജനറൽ വർക്ഷോപ്പ് എന്നീ വിഭാഗങ്ങളിൽ ട്രേഡ്സ്മാന്റെ ഒഴിവിലേക്കും അപേക്ഷ ക്ഷണിച്ചു. ഒന്നാം ക്ലാസോടെയുള്ള ഇലക്ട്രോണിക്സ് എൻജിനീയറിംഗ് ബിരുദമാണ് ഗസ്റ്റ് ലക്ചററുടെ യോഗ്യത. ഐടിഐ

യാണ് ട്രേഡ്സ്മാന്റെ യോഗ്യത. താത്പര്യമുള്ളവര്‍ ഈ മാസം 16ന് രാവിലെ 10ന് നടക്കുന്ന എഴുത്തുപരീക്ഷയില്‍ പങ്കെടുക്കണം. (പിഎന്‍പി 1861/18)




(അവസാനിച്ചു)

ഇന്‍ഫര്‍മേഷന്‍&പബ്ലിക് റിലേഷന്‍സ് വകുപ്പ്

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| **ജൂലൈ 10**<br>**JULY 10** | **2018** |

***1193 മിഥുനം 26 ചൊവ്വ***

# പത്രക്കുറിപ്പ്-2

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**മഴ: കൺട്രോൾ റൂം തുറന്നു**

ജില്ലയിൽ മഴ ശക്തമായ സാഹചര്യത്തിൽ അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിനായി കളക്ടറേറ്റിലും എല്ലാ താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ തുറന്നു. അടിയന്തര സാഹചര്യങ്ങളിൽ പൊതുജനങ്ങൾക്ക് കൺട്രോൾ റൂമുകളുമായി ബന്ധപ്പെടാം. മഴക്കെടുതിയുമായി ബന്ധപ്പെട്ട അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിന് ആവശ്യമായ എല്ലാ മുൻകരുതലുകളും സ്വീകരിച്ചിട്ടുള്ളതായി ജില്ലാ കളക്ടർ അറിയിച്ചു. കൺട്രോൾ റൂമുകളുടെ നമ്പരുകൾ :

കളക്ടറേറ്റ് - 0468 2322515, 2222515, 8078808915, താലൂക്ക് ഓഫീസ് കോഴഞ്ചേരി- 0468 2222221, അടൂർ- 04734 224826, കോന്നി- 0468 2240087, റാന്നി- 04735 227442, മല്ലപ്പള്ളി- 0469 2682293, തിരുവല്ല- 0469 2601303.

(പിഎൻപി 1862/18)

**ജാഗ്രത പാലിക്കണം**

മൂഴിയാർ ഡാമിന്റെ വൃഷ്ടി പ്രദേശത്ത് കനത്ത മഴ തുടരുന്നതിനാൽ ഡാം ഷട്ടറുകൾ അടയ്ക്കാനും തുറക്കാനും സാധ്യതയുള്ളതിനാൽ മൂഴിയാർ മുതൽ സീതത്തോട് വരെയുള്ള ഭാഗങ്ങളിൽ കക്കാട്ടാറിന്റെ തീരങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. (പിഎൻപി 1863/18)

## പനി: 387 പേര്‍ ചികിത്സ തേടി

ജില്ലയില്‍ പനി ബാധിച്ച് ഇന്നലെ (10) 387 പേര്‍ വിവിധ ആശുപത്രികളില്‍ ചികിത്സ തേടിയതായി ജില്ലാ മെഡിക്കല്‍ ഓഫീസര്‍ അറിയിച്ചു. ഡെങ്കിപ്പനി ലക്ഷണങ്ങളോടെ ചികിത്സ തേടിയ രണ്ട് പേരില്‍ ഒരാള്‍ക്ക് ഡെങ്കിപ്പനി സ്ഥിരീകരിച്ചു. തിരുവല്ലയില്‍ ഒരാള്‍ക്ക് എലിപ്പനി സ്ഥിരീകരിച്ചു. രണ്ട് പേര്‍ക്ക് ചിക്കന്‍പോക്സും സ്ഥിരീകരിച്ചു. വയറിളക്കരോഗങ്ങള്‍ക്ക് 39 പേര്‍ ചികിത്സ തേടി.

(പിഎന്‍പി 1864/18)

## ഐടിഐ കൗണ്‍സിലിംഗ്

റാന്നി ഗവണ്‍മെന്റ് ഐടിഐയില്‍ 2018ലെ അഡ്മിഷന് പരിഗണിക്കുന്നതിന് ജനറല്‍ വിഭാഗത്തില്‍ 130 മുകളില്‍ ഇന്‍ഡക്സ് മാര്‍ക്ക് ഉള്ളവരും ഈഴവ വിഭാഗത്തില്‍ 200ന് മുകളില്‍ ഉള്ളവരും പിന്നാക്ക വിഭാഗങ്ങളില്‍ 170ന് മുകളിലുള്ളവരും മുസ്ലിം വിഭാഗത്തിലും പട്ടികജാതി വിഭാഗങ്ങളിലും 165ന് മുകളിലുള്ളവരും പട്ടികവര്‍ഗത്തില്‍പ്പെട്ട എല്ലാ അപേക്ഷകരും ഒബിഎക്സ് വിഭാഗത്തില്‍ 155ന് മുകളിലുള്ളവരും ലത്തീന്‍ കത്തോലിക്കാ വിഭാഗത്തല്‍ അപേക്ഷിച്ച എല്ലാവരും ഈ മാസം 13ന് രാവിലെ 10ന് ഐടിഐയില്‍ നടക്കുന്ന കൗണ്‍സിലിംഗില്‍ പങ്കെടുക്കണം. ഇതില്‍ പങ്കെടുക്കാത്തവരെ പിന്നീട് അഡ്മിഷന് പരിഗണിക്കില്ല. ഫോണ്‍: 04735 221085.

(പിഎന്‍പി 1864/18)

## നോര്‍ക്ക റൂട്ട്സ് സൗദിയിലേയ്ക്ക് ലാബ് ടെക്നീഷ്യന്‍മാരെയും റേഡിയോഗ്രാഫര്‍മാരെയും തേടുന്നു

സൗദി അറേബ്യയിലെ അല്‍ അബീര്‍ ആശുപത്രിയിലേയ്ക്ക് ലാബ് ടെക്നീഷ്യന്‍മാരെയും റേഡിയോഗ്രാഫര്‍മാരെയും തിരഞ്ഞെടുക്കുന്നതിന് നോര്‍ക്ക റൂട്ട്സ് അപേക്ഷ ക്ഷണിച്ചു. മെഡിക്കല്‍ ലാബ് ടെക്നോളജിയില്‍ ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം എന്നിവയിലേതെങ്കിലും ഒന്നും രണ്ടുവര്‍ഷത്തെ പരിചയവുമാണ് ലാബ് ടെക്നീഷ്യന് വേണ്ട യോഗ്യത. നാല് ഒഴിവുകളാണുള്ളത്. പുരുഷന്‍മാര്‍ മാത്രം അപേക്ഷിച്ചാല്‍ മതി. റേഡിയോഗ്രാഫര്‍ തസ്തികയില്‍ പുരുഷന്‍മാര്‍ക്കും സ്ത്രീകള്‍ക്കും നാല് ഒഴിവുവീതമുണ്ട്. റേഡിയോഗ്രാഫിയില്‍ ബിരുദം അല്ലെങ്കില്‍ ബിരുദാനന്തര ബിരുദവും സി.റ്റി/എം.ആര്‍.ഐ മേഖലയില്‍ പരിചയവും ഉള്ളവര്‍ക്ക് അപേക്ഷിക്കാം. ഇരു തസ്തികകള്‍ക്കും പരമാവധി ശമ്പളം 5,000 സൗദി റിയാല്‍. താല്‍പര്യമുള്ളവര്‍ ജൂലൈ 23നു മുന്‍പായി rmt5.norka@kerala.gov.in എന്ന വിലാസത്തില്‍ അപേക്ഷിക്കണം. വിശദവിവരങ്ങള്‍ക്ക് വെബ്സൈറ്റ് www.norkaroots.net, ഫോണ്‍ 1800 425 3939, 0471 233 33 39.

(പിഎന്‍പി 1865/18)

## വിക്ടര്‍ ജോര്‍ജ് പത്രപ്രവര്‍ത്തന രംഗത്തെ ജ്വലിക്കുന്ന മാതൃക – പിആര്‍ഡി ഡയറക്ടര്‍

പത്രപ്രവര്‍ത്തന രംഗത്തെ ജ്വലിക്കുന്ന മാതൃകയായിരുന്നു വിക്ടര്‍ ജോര്‍ജെന്ന് പിആര്‍ഡി ഡയറക്ടര്‍ ടി.വി.സുഭാഷ് പറഞ്ഞു. കേരള പത്രപ്രവര്‍ത്തകയൂണിയന്‍ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തില്‍ പത്തനംതിട്ട പ്രസ്ക്ലബില്‍ നടന്ന വിക്ടര്‍ ജോര്‍ജ് അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരള സമൂഹത്തില്‍ എന്നും ഓര്‍മിക്കപ്പെടുന്ന ഒരു മാതൃകയായിരുന്നു വിക്ടര്‍ ജോര്‍ജിന്റെ ജീവിതം. തന്റെ കര്‍മ രംഗത്തോട് നൂറ് ശതമാനം നീതി പുലര്‍ത്തിയിരുന്ന അദ്ദേഹത്തിന്റെ മാതൃക അനുകരണീയമാണെന്നും ഡയറക്ടര്‍ പറഞ്ഞു.

സംസ്ഥാന പബ്ലിക് റിലേഷൻസ് വകുപ്പ് പത്തനംതിട്ടയിലെ മാധ്യമപ്രവർത്തക ർക്കായി ഹൈദരാബാദ് പഠനയാത്രയുടെ സ്മരണികയും ചടങ്ങിൽ അദ്ദേഹം പ്രകാശനം ചെയ്തു. പ്രസ് ക്ലബ് പ്രസിഡന്റ് ബോബി എബ്രഹാം അധ്യക്ഷത വഹിച്ച ചടങ്ങിൽ തിരുവല്ല മാർത്തോമ കോളേജ് പൊളിറ്റിക്സ് വിഭാഗം മേധാവി ഡോ.മോഹൻ വർഗീസ് മുഖ്യപ്രഭാഷണം നടത്തി. പിആർഡി മേഖലാ ഡെപ്യൂട്ടി ഡയറക്ടർ കെ.അബ്ദുൾ റഷീദ്, ജില്ലാ ഇൻഫർമേഷൻ ഓഫിസർ സി.മണിലാൽ, പ്രസ് ക്ലബ് സെക്രട്ടറി ബിജു കുര്യൻ, സജിത് പരമേശ്വരൻ, ജില്ലയിലെ മാധ്യമ പ്രവ ർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 1866/18)




(അവസാനിച്ചു)

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്